## അദ്ധ്യായം മുപ്പത്തിമൂന്ന്

# സുവിശേഷികരണത്തിന്റെ ലക്ഷ്യം

**(Secret of Evangelism)**

അബ്രഹാം തന്റെ പ്രിയപുത്രനായ യിസഹാക്കിനെ യാഗം കഴിക്കാൻ തയ്യാറായപ്പോൾ, ദൈവം അവനൊരു വാഗ്ദത്തം കൊടുത്തു.

> നീ എന്റെ വാക്കു അനുസരിച്ചതുകൊു നിന്റെ സന്തതി മുഖാന്തിരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും (ഉല്പത്തി 22:18).

ഈ വാഗ്ദത്തം അബ്രഹാമിനും അവന്റെ സന്തതിക്കും (സന്തകികൾക്കും എന്നല്ല), ആ സന്തതി ക്രിസ്തു ആയിരുന്നു (ഗലാ 3:16) എല്ലാ ദേശവും ക്രിസ്തുവിനാൽ അനുഗ്രഹിക്കപ്പെടും അബ്രഹാമിലൂടെ നല്കപ്പെട്ട വാഗ്ദത്തം സർവ്വജാതികൾക്കും ക്രിസ്തു മുഖാന്തിരം ലഭ്യമാക്കി. ഈ വ്യത്യസ്തത സ്വഭാവത്തിലും ഭാഷയിലും സംസ്കാരത്തിലും ഉങ്കിലും ഇവരെല്ലാം ക്രിസ്തുവിൽ അനുഗ്രഹിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. സകലരുടേയും പാപമോചനത്തിനായിട്ടാണ് യേശു മരിച്ചത് (1 യോഹ 2:2).

ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു, അതുകത്തെുന്നവർ ചുരുക്കമത്രെ എന്ന് യേശു പറഞ്ഞു (മത്താ 7:14). ഭാവിയിൽ സ്ഥാപിതമാകാൻ പോകുന്ന സാമ്രാജ്യത്തിൻ ലോകത്തെമ്പാടുമുള്ള വ്യക്തികൾ അംഗങ്ങളായിരിക്കും.

> ഇതിന്റെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നുള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നിൽക്കുന്നതു ഞാൻ കു. രക്ഷ എന്നുള്ളത് സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നു അവർ അത്യുച്ചത്തിൽ ആർത്തുകൊിരുന്നു (വെളി 7:9-10).

ദൈവത്തിന്റെ മക്കൾ വലിയ പ്രത്യാശയോടെ, ദൈവകുഞ്ഞാടിന്റെ സിംഹാസനത്തിനുമുമ്പിൽ വന്നുചേരുന്ന എണ്ണിക്കൂടാത്ത മഹാപുരുഷാരത്തോടു ചേവുവാൻ ആർത്തിയോടെ നോക്കിപ്പാർത്തു കൊിരിക്കുകയാണ്.

ഇനിയും രക്ഷയിലേക്ക് വന്നിട്ടില്ലാത്ത ‘‘മറഞ്ഞിരിക്കുന്ന’’ ആയിരക്കണക്കിന് ആളുകള്, അവരെ കത്തെി സ്വതന്ത്രസഭ സ്ഥാപിക്കാനുള്ള തത്രപ്പാടിലാണ് ആധുനിക മിഷിനറിസമൂഹം. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും, പുത്രന്റെയും, പ

രിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്നു യേശു തന്റെ ശിഷ്യന്മാരെ ഉപദേശിച്ചതിന്റെ പൊരുൾ സുവിശേഷികരണം തന്നെയാണ്. എന്നാൽ മനുഷ്യന്റെ പദ്ധതികൾ പരിശുദ്ധാത്മാവിന്റെ നിയന്ത്രണമില്ലാത്തതായാൽ, അത് ഗുണത്തേക്കാൾ ഏറെ ദോഷം വരുത്തുകയേയുള്ള. ദൈവരാജ്യം പണിയാൻ ഇറങ്ങിപുറപ്പെടുന്ന ഒരു വ്യക്തി ദൈവത്തിന്റെ ജ്ഞാനമൊഴികൾ ശ്രവിച്ചിരിക്കണം. മത്താ 28:19ൽ പ‍റയുന്ന പ്രകാരം ഇറങ്ങിപ്പുറപ്പെടുമ്പോൾ, പരിശുദ്ധാത്മാവിന്റെ ജ്ഞാനത്തിന്റെ മൊഴികൾ അനിവാര്യമാണ്. സുവിശേഷികരണത്തിന്റെ വഴികളെകുറിച്ചുള്ള വിവരണങ്ങളും നിർദ്ദേശങ്ങളും പരിശുദ്ധാത്മാവ് നമുക്കുതരും.

സുവിശേഷികരണത്തിലൂടെ ലോകത്തെ നേടുവാൻ യത്നിക്കുന്ന ദൈവമക്കൾ അറിഞ്ഞിരിക്കേ ഒരു വസ്തുതയു്, ദൈവമാണ് ഏറ്റവും വലിയ സുവിശേഷകൻ. നാമെല്ലാം അവനോടൊപ്പം പ്രവർത്തിക്കുന്നവരാണ്, അവന‍ുവേി പ്രവർത്തിക്കുന്നവരല്ല. ലോകത്തെല്ലാം സുവിശേഷം എത്തിക്കണമെന്നത് ദൈവത്തിന്റെ പദ്ധതിയാണ്. നമ്മെക്കാൾ കൂടുതൽ ബാധ്യത ഇക്കാര്യത്തിൽ ദൈവത്തിനാണ്. മറ്റാരേക്കാളും തീഷ്ണതയോടു ദൈവം പ്രവർത്തിച്ചുകൊിരിക്കുന്നു! സുവിശേഷത്തിനായി യേശു മരിച്ചു. നമ്മെ സൃഷ്ടിക്കുംമുമ്പേ യേശു സുവിശേഷത്തെക്കുറിച്ച് ബോധവാനായിരുന്നു. ഇപ്പോഴും അങ്ങനെതന്നെ! അതൊരു സമർപ്പണമായിരുന്നു!

## ക്രിസ്തുവിനുവേി ലോകത്തെനേടുക
## (Winning the World for Christ)

''കടുന്നുചെന്ന് ലോകത്തെനേടുക'' എന്ന ഒരാഹ്വാനം വിശ്വാസികളോട് നടത്തുന്നതായി പുതിയ നിയമലേഖനങ്ങളിലൊന്നും നാം കാണുന്നില്ല. ലോകത്തെ വിടുവിക്കുവാൻ ദൈവം യത്നിച്ചുകൊിരിക്കുന്നു എന്ന് ആദ്യകാലവിശ്വാസികളും നേതാക്കളും വ്യക്തമായി അറിഞ്ഞിരുന്നു, ലോകത്തെ വീടെുക്കുവാൻ ദൈവം ചെയ്യുന്ന പ്രവൃത്തികൾക്ക് പങ്കുചേരുക എന്നതായിരുന്നു അവരുടെ കർത്തവ്യം. അവർ ദൈവത്തോടു ചേർന്ന് ദൈവം നടത്തിയതുപോലെ പ്രവർത്തിച്ചുപോന്നു. ഇതു വ്യക്തമായി മനസ്സിലാക്കിയ ഒരു വ്യക്തിയായിരുന്നു അപ്പോസ്തലനായ പൗലോസ്. പ‍ൗലോസിനെ ദൈവത്തിങ്കലേക്ക് നയിച്ചത് ജഡീകനായ ഒരു സുവിശേഷകന‍ല്ല, സാക്ഷാൽ ദൈവം തന്നെ ആയിരുന്നു. ദമസ്കോസിലേക്കുള്ള യാത്രാമദ്ധ്യത്തിൽ ദൈവം അവനെ സന്ദർശിക്കുകയായിരുന്നു. പ‍രിശുദ്ധാത്മാവിനോട് ചേർന്ന് ആത്മാഭിഷേകം പ്രാപിച്ച് അത്മാവ് നടത്തിയ അപ്പോസ്തലന്മാരുടെ പ്രവർത്തികളാൽ സഭ ശക്തിമായി വളർച്ച പ്രാപിച്ചതായി അപ്പോസ്തല പ്രവൃത്തികളിൽ നമുക്ക് കാണുവാൻ കഴിയും.

''അപ്പോസ്തപ്രവൃത്തികൾ'' എന്ന പുസ്തകം ''അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ'' എന്നാണ് അറിയപ്പെടുന്നത് എന്നാൽ അത് യഥാർത്ഥത്തിൽ ദൈവത്തിന്റെ പ്രവൃത്തികൾ എന്ന് അറിയപ്പെടേതാണ്. അപ്പോസ്തലപ്രവൃത്തി എന്ന പുസ്തകത്തിൽ ലൂക്കോസിന്റെ ആമുഖത്തിൽ ''തിരഞ്ഞെടുത്ത അപ്പോസ്തലന്മാർക്ക് പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ട് ആരോഹണം ചെയ്തനാൾവരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ച് ആയിരുന്നുവല്ലോ'' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യേശു തുടർന്നു ചെയ്യുവാനും പഠിപ്പിക്കുവാനും ആഗ്രഹിച്ചതിന്റെ ആകെത്തുകയാണ് അപ്പോസ്തല പ്രവർത്തിയുടെ പ ുസ്തക എന്ന് ലൂക്കോസ് വിശ്വസിച്ചിരുന്നു.

ആത്മീകാഭിഷേകം പ്രാപിച്ച, ആത്മാവിനാൽ നടത്തപ്പെട്ട അപ്പോസ്തലന്മാർ യേശുവിനോടു ചേർന്ന് പ്രവർത്തിച്ചതാണ് അവരുടെ വിജയത്തിന്റെ കാരണം.

ആദിമ വിശ്വാസികൾ കടന്നുചെന്ന് ജീവനുള്ള അവരുടെ സാക്ഷ്യങ്ങളെ തങ്ങളുടെ അയൽക്കാർക്ക് പകർന്നുകൊടുത്ത് യേശുവിനുവേ ലോകത്തെ നേടാതിരുന്നിരുന്നെങ്കിൽ, ദൈവരാജ്യം പണിയുക എന്ന കർമ്മത്തിൽ അവരുടെ ഉത്തരവാദിത്വം എന്താകുമായിരുന്നു? അവർ സുവിശേഷികരണത്തിനായി വിളിക്കപ്പെട്ട അഭിഷിക്തരല്ലായിരുന്നെങ്കിൽ (അപ്പോസ്തലന്മാരും സുവിശേഷകന്മാരും) അനുസരണയോടും വിശുദ്ധിയോടും ജീവിച്ച് അവരെ തടയുന്നവരേയോ ചോദ്യംചെയ്യുന്നുവരേയോ പ്രതിരോധിച്ചു കഴിയേിവരുമായിരുന്നു. ഉദാഹരണത്തിന് പത്രോസ് എഴുതി:

> നീതി നിമിത്തം കഷ്ടം സഹിക്കേിവന്നാലും നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയും കലങ്ങുകയുമരുത്, എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ. നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പ്പൂ പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ. ക്രിസ്തുവിൽ നിങ്ങൾക്കുള്ള നല്ല നടപ്പിനെ ദുഷിക്കുന്നവർ നിങ്ങളെ പ ഴിച്ചുപറയുന്നതിൽ ലജ്ജിക്കതിന്നു നല്ലമനസ്സാക്ഷിയുള്ളവരായിരിപ്പിൻ. നിങ്ങൾ കഷ്ടം സഹിക്കണം എന്നു ദൈവ ഹിതമെങ്കിൽ തിന്മ ചെയ്തിട്ടല്ല, നന്മചെയ്തിട്ടു സഹിക്കുന്നതു ഏറ്റവും നന്നു (പത്രോസ് 3:14–16).

ക്രിസ്ത്യാനികൾ ശക്തമായ പീഡനത്തിന് വിധേയരായിട്ട്, അവർ അതുസഹിക്കുവാൻ വിധിക്കപ്പെട്ടവരാണ്. വിശ്വാസികൾ ലോകമനുഷ്യനിൽ നിന്നും വ്യത്യസ്തരായില്ലെങ്കിൽ ലോകം അവരെപകക്കുകയില്ല. പല ക്രിസ്ത്യാനികളും പീഡിപ്പിക്കപ്പെടാത്തതിന്റെ

കാരണം ഇതുതന്നെ. പീഡിപ്പിക്കപ്പെടുന്നില്ലെങ്കിൽ അവൻ ക്രിസ്ത്യാനിയല്ല. അയൽവാസികളുമായി  വിശ്വാസം പങ്കിടാൻ ഞായറാഴ്ച ആരാധനകളിൽ ഇവരെ പഠിപ്പിക്കണം. തന്മൂലം ഇവർക്ക് ലഭിച്ച വിശ്വാസം അയൽക്കാരുമായി പങ്കിടുമ്പോൾ ഇവർ വീുംജനനം പ്രാപിച്ചവരാണെന്ന് അയൽവാസികൾ മന സ്സിലാക്കും. യേശുവിനെ രക്ഷകനായി സ്വീകരിക്കുക എന്നതാണ് സുവിശേഷത്തിന്റെ മുഖ്യധർമ്മം.

ആദിമകാല ക്രിസ്ത്യാനികൾ ഇരുട്ടിൽ വെളിച്ചമായി പ്രകാശിച്ചവരാണ്. അവർ ക്രിസ്തുവിന്റെ അനുയായികളാണെന്ന് അവരുടെ പ്രവർത്തികളും സ്വഭാവരീതിയും വെളിപ്പെടുത്തിയിരിക്കുന്നു. നീതിയുടെ പേരിൽ ചോദ്യം ചെയ്യപ്പെട്ടിരുന്നതുകൊ് സുവിശേഷം പങ്കുവെയക്കുവാൻ അവർക്ക് അവസരങ്ങൾ ധാരാളമുായിരുന്നു. പത്രോസ് പറഞ്ഞതുപോലെ കർത്താവായ ക്രിസ്തുവിനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് ഏതു പ ീഡനത്തെയും നേരിടുവാൻ അവർ തയ്യാറായിരുന്നു.

ആദിമ ക്രിസ്ത്യാനികളും ഇന്നത്തെ ക്രിസ്ത്യാനികളും തമ്മിലുള്ള പ്രാഥമിക വ്യത്യാസം എന്തെന്നാൽ; ആധുനിക ക്രിസ്ത്യാനികൾ അവരുടെ പ്രവർത്തികളിലും ക്രിസ്തുവിന്റെ കല്പനകളിലും ഊന്നിക്കൊ് ജീവിച്ചു. 14-ാം നൂറ്റാുവരെ ജീവിച്ചിരുന്ന ഒരു ക്രിസ്ത്യാനിക്കുപോലും സ്വന്തമായി ബൈബിൾ ഇല്ലായിരുന്നു. തന്മൂലം ദിവസവും വചനം വായിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. എന്നാൽ വചന വായന ആധുനിക ക്രിസ്ത്യാനിയുടെ ഉത്തരവാദിത്വമായി രൂപപ്പെട്ടിരിക്കുന്നു. ഇന്നത്തെ ക്രിസ്ത്യാനികൾ ദിവസവും ബൈബിൾ വായിക്കരുതെന്നല്ല ഞാൻ പറയുന്നത്. ഇന്നെത്തെ ക്രിസ്ത്യാനികൾ കൂടുതലും വചനം അനുസരിക്കുന്നതിനക്കാൾ വചനം പ ഠിക്കുവാൻ ത്ല്പര്യം കാണിക്കുന്നവരാണ്. വ്യക്തമായ ഉപദേശം നമുക്ക് ലഭിച്ചു എന്ന് നാം അഭിമാനിക്കുന്നു (29999 ഇതര സഭകളിൽവച്ച് നമ്മുടെ സഭയുടെ പ്രമാണത്തോളം മറ്റൊരു സഭയുടെ പ്രമാണവും വളർന്നിട്ടില്ല). പ ക്ഷേ നാം ഇപ്പോഴും നുണപ്രചരണം നടത്തി, കള്ളം പറഞ്ഞ് ഭൗതികസമ്പത്ത് ശേഖരിച്ച് ജീവിക്കുന്നവരാണ്.

ഹൃദയങ്ങളുടെ കഠിനതകുറയ്ക്കാൻ കഴിഞ്ഞാൽ, ആ ഹൃദയം സുവിശേഷത്തെ സ്വീകരിക്കും. സുവിശേഷംപകരാൻ തത്വസംഹിതയേക്കാൾ നമ്മുടെ സത്പ്രവർത്തികൾക്കാണ് മുൻതൂക്കം.

## ശക്തനായ സുവിശേഷകൻ
## (God, the Greatest Evangelist)

ദൈവരാജ്യം പണിയുന്നതിന് ദൈവത്തിന്റെ പ്രവർത്തിയുടെ വിശദാംശങ്ങളെക്കുറിച്ച് ചിന്തിക്കാം. ദൈവത്തിന്റെ പ്രവൃത്തിയുടെ വഴികളെ അറിഞ്ഞ് ആ വഴി പിൻതുടരുന്നത് നന്നായിരിക്കും.

ജനം യേശുവിനെ വിശ്വസിക്കുമ്പോൾ അവരുടെ ഹൃദയങ്ങളിൽ വിശ്വാസത്തിന്റെ പ്രതികരണങ്ങൾ ഉാകുന്നു.  അവർ അനുതപിക്കുകയും

യേശുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. അവരുടെ ഇച്ഛയെ സിംഹാസനത്തിൽനിന്ന് ഇറക്കിവിട്ട് അവരുടെ ആശയുടെ സിംഹാസനത്തിൽ യേശുവിനെ പ്രതിഷ്ഠിക്കുന്നു. വിശ്വാസം ഹൃദയത്തിന്റെ ഉള്ളിൽ മാറ്റത്തെ ഉളവാക്കുന്നു.

ഒരുവൻ യേശുവിനെ വിശ്വസിക്കാതിരിക്കുമ്പോൾ, അതിന്റെ പ്രതികരണം ഹൃദയത്തിലാണ് രൂപപ്പെടുന്നതത്. അവൻ ദൈവത്തോടു മത്സരിക്കുന്നു; തന്മൂലം അവൻ അനുതപിക്കുന്നില്ല. ബോധപൂർവ്വമായ ഒരു തീരമാനത്തോടെ, അവൻ യേശുവിനെ ഹൃദയത്തിൽനിന്ന് അകറ്റി നിർത്തുന്നു. ഹൃദയത്തിന് മാറ്റം വരുവാൻ അനുവദിക്കാതെ അവിശ്വാസം തീരുമാനത്തിൻ ഉറച്ചുനിൽക്കുന്നു.

പിതാവ് അകർഷിച്ചിട്ടല്ലാതെ ആരും പുത്രന്റെ അടുക്കൽ വരുവാൻ കഴികുയുകയില്ല, (യോഹ: 6.44), ഓരോ വ്യക്തിയുടേയും ഹൃദയം അത്രമാത്രം കഠിനവും ഉറപ്പുള്ളതുമാണ്. പിതാവായ ദൈവം കരുണയോടെ നിരന്തരമായി സകലരേയും യേശുവിലേക്കു പലവിധത്തിൽ ആകർഷിച്ചു കൊിരിക്കുകയാണ്. അവരുടെ ഹൃദയങ്ങളിൽ അതിന്റെ അലകൾ ഉയരുമ്പോൾ ചിലർ അനുസരിക്കയും എന്നാൽ ചിലർ കൂടുതൽ കഠിന ഹൃദയരായി മാറുകയുമാണ്.

മനുഷ്യഹൃദയങ്ങൾ സ്പർശിക്കപ്പെട്ട് യേശുവിങ്കലേക്ക് ആകർഷിക്കപ്പെടാൻ ദൈവം എന്താണ് അവരിൽ പ്രവർത്തിക്കുന്നത്? ഒന്നാമതായി, ദൈവം തന്റെ സൃഷ്ടിയെ ഉപയോഗിക്കുന്നു. പൗലോസ് ഇങ്ങനെ എഴുതി:

> അനീതികൊ് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു. ദൈവത്തെക്കുറിച്ചു അറിയാവുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ; അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോക സൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദ മില്ലാതിരിക്കേതിന്നു തന്നേ (റോമ 1:18–20).

''സത്യത്തെ തടുക്കുന്നവർ'' ഇത് അവരിൽ വെളിപ്പെട്ടിരിക്കുന്നു. സത്യം അവർക്കു വെളിപ്പെടുന്നെങ്കിലും അവർ എതിർത്തു നിൽക്കുന്നതുമൂലം ഉൾക്കാമ്പിൽ ചലനം ഉാക്കാൻ കഴിയാതെ അതുപിൻതള്ളപ്പെടുന്നു.

സത്യം ഏവർക്കും ആന്തരികമായി വെളിപ്പെടുന്നു്. ദൈവത്തിന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവർത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു. ദൈവത്തിന്റെ സൃഷ്ടികളെ നോക്കിക്കാണുന്ന ഒരുവന്

ദൈവം ഉണ്ടെന്നും,[101] അവൻ സർവ്വശക്തനും, സൃഷ്ടിവൈഭവം ഉള്ളവനും, അപ്രമേയനും, ബുദ്ധിമാനും ജ്ഞാനിയുമാണെന്ന് മനസ്സിലാക്കാൻ കഴിയും.

ഇങ്ങനെയുള്ളവരോട് ദൈവം ക്ഷമിക്കുകയില്ലായെന്ന് പ ൗലോസ് പറയുന്നു. ദൈവം ഓരോരുത്തരോടും നിരന്തരമായി സംസാരിക്കുന്നു, ദൈവത്തെ സ്വയം വെളിപ്പെടുത്തിക്കൊ് അവരുടെ ഹൃദയങ്ങളെ മൃദുലപ്പെടുത്തുവാൻ ദൈവം പ്രവർത്തിക്കുമ്പോൾ മനുഷ്യൻ തന്റെ ചെവി കുരുടാക്കിവച്ചിരിക്കുന്നു. എന്നാൽ അത്ഭുതങ്ങളെ വെളിപ്പെടുത്തിക്കൊ് നിരന്തരമായി ദൈവം തന്റെ പ്രവൃത്തി തുടർന്നുകൊ ിരിക്കുന്നു. പൂക്കൾ, പക്ഷികൾ, ശിശുക്കൾ, മഞ്ഞുകട്ടകൾ, ഫലവർഗ്ഗങ്ങൾ തുടങ്ങി കോടിക്കണക്കിന് സൃഷ്ടികളിലൂടെ ദൈവം തന്റെ അത്ഭുതത്തെ വെളിപ്പെടുത്തിക്കൊിരിക്കുന്നു.

ദൈവം തന്റെ സൃഷ്ടികളിലൂടെ രാവും പകലും ഓരോരുത്തരോടും സംസാരിച്ചുകൊിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിയിലൂടെ ലഭിക്കുന്ന സന്ദേശത്തോടു മനുഷ്യൻ ശക്തമായി പ്രതികരിച്ചാൽ അവൻ സാഷ്ടാംഗം വീണ് എന്റെ ദൈവമേ നീ എന്നെ സൃഷ്ടിച്ചിരിക്കുന്നു, നിന്റെ ഇഷ്ടം ചെയ്യുവാൻ നീ എന്നെ സൃഷ്ടിച്ചിരിക്കുന്നു, അതുകൊ് ഞാൻ ഇതാ എന്നെത്തന്നെ പൂർണ്ണമായി നിനക്കായി സമർപ്പിക്കുന്നു എന്നു പറയും.

ദൈവം ഉണ്ടെന്നും അവൻ വലിയവനാണെന്നും ഉള്ള സത്യം അവന്റെ സകലസൃഷ്ടികളും വെളിപ്പെടുത്തുമ്പോൾ മുനുഷ്യൻ ഇതു മനസ്സിലാക്കുകയും അനുസരിക്കുകയും ചെയ്യേതാണ്. അന്തരാത്മാവിൽ അലയടിച്ചുവരുന്ന ഒരു ശബ്ദമു്. "അനുതപിക്കുക!" മനുഷ്യനെ അനുതാപത്തിലേക്കു മാടിവിളിക്കുന്ന ശബ്ദം ഏവരും നിരന്തരം കേട്ടുകൊ ിരിക്കുന്നു എന്ന് പൗലോസ് പറയുന്നു.

> എന്നാൽ അവർ കേട്ടില്ലയോ എന്നു ഞാൻ ചോദിക്കുന്നു. കേട്ടിരിക്കുന്നു നിശ്ചയം. അവരുടെ നാദം സർവ്വഭൂമിയിലും അവരുടെ വചനം ഭൂതലത്തിന്റെ അറ്റത്തോളം പരന്നു (റോമ 10:18).

പൗലോസ് യഥാർത്ഥത്തിൽ 19-ാം സങ്കീർത്തനം ഉദ്ധരിക്കുകയായിരുന്നു. പ്രശസ്തമായ ആ സങ്കീർത്തനം പറയുന്നു.

> ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു പകൽ പകലിനുവാക്കു പൊഴിക്കുന്നു; രാത്രി രാത്രിക്ക് അറിവുകൊടുക്കുന്നു. ഭാഷണമില്ല, വാക്കുകളില്ല, ശബ്ദം കേൾപ്പാനുമില്ല. ഭൂമിയിൽ എല്ലാടവും അതിന്റെ അളവുനൂലും ഭൂതലത്തിന്റെ അറ്റത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു (സങ്കീ 19: 1-4മ).

101 . 1അതുകൊ്, ദൈവം ഇല്ലായെന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു (സങ്കീ 14:1) സത്യത്തെ ഒളിപ്പിക്കുന്നവൻ മൂഢനാണ്.

ദൈവം തന്റെ സൃഷ്ടികളിലൂടെ അനുദിനം സംസാരിക്കുന്നു എന്നത് ഇത് സൂചിപ്പിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിയുടെ സന്ദേശവുമായി മനുഷ്യൻ ശരിക്കും പ്രതികരിച്ചാൽ ''സകലത്തിനും സൃഷ്ടാവായുള്ളവനേ, നീ എന്നെ സൃഷ്ടിച്ചു, നിന്റെ ഇഷ്ടം ചെയ്വാൻ നീ എന്നെ മെനഞ്ഞു. അതുകൊ് ഞാൻ ഇതാ പൂർണ്ണമായി സമർപ്പിക്കുന്നു'' എന്ന് പറഞ്ഞ് സമർപ്പിക്കപ്പെടും.

## ദൈവം സംസാരിക്കുന്ന മറ്റൊരു മാർഗ്ഗം
## (Another Means by which God Speaks)

ഒരുവൻ അവനെത്തന്നെ ആന്തരീകമായോ ബാഹ്യമായോ നിരന്തരം വെളിപ്പെടുത്തിക്കൊിരിക്കുന്നു. എന്നാൽ അവനിൽ മറ്റൊരു ആന്തരിക വെളിപ്പാടു്. അത് അവന്റെ സൃഷ്ടിയുടെ പ്രകാശനത്തെ ആശ്രയിച്ചുള്ളതല്ല, ദൈവിക നിയമത്തിന്റെ നിരന്തരമായ ശബ്ദത്തെ മനസാക്ഷിയിൽ പ്രകാശിപ്പിക്കുന്ന ദൈവിക വെളിപ്പാടാണ് പൗലോസ് എഴുതി:

> ന്യായപ്രമാണമില്ലാത്ത ജാതികൾ ന്യായപ്രമാണത്തിലുള്ളതു സ്വഭാവത്താൽ ചെയ്യുമ്പോൾ ന്യായപ്രമാണമില്ലാത്ത അവർ തങ്ങൾക്കു തന്നേ ഒരു ന്യായപ്രമാണം ആകുന്നു. അവരുടെ മനസ്സാക്ഷികൂടെ സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തിയോ പ്രതിവാദിക്കയോ ചെയ്തുംകൊു അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തി തങ്ങളുടെ ഹൃദയത്തിൽ എഴുതിരിയിരിക്കുന്നതായി കാണിക്കുന്നു; ദൈവം യേശുക്രിസ്തു മുഖാന്തിരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നെ (റോമ 2: 14-16).

ഓരോരുത്തർക്കും തെറ്റും ശരിയും തിരിച്ചറിയാം ദൈവത്തെ പ്രസാദിപ്പിക്കുന്നത് എന്താണെന്നും പ്രസാദിപ്പിക്കാത്തത് എന്താണെന്നും എല്ലാവർക്കും അറിയാം. ദൈവത്തെ പ്രസാദിപ്പിക്കാതിരിക്കുന്ന ഏതൊരുവനും ന്യായവിധിനാളിൽ അതിന്റെ ഫലം ലഭിക്കും. ആളുകൾ വളരുന്നതനുസരിച്ച് അവരുടെ പാപങ്ങളെ നീതീകരിക്കാനുള്ള വൈഭവവും അവരിൽ വളരുന്നു. മനസാക്ഷിയുടെ ശബ്ദത്തെ അവർത്യജിക്കുമെങ്കിലും, ദൈവികപ്രമാണത്തിന്റെ ശബ്ദം നിലയ്ക്കാതെ നിരന്തരമായി അവരിൽ മാറ്റൊലി ഉാക്കിക്കൊിരിക്കും.

## മൂന്നാമത്തെ മാർഗ്ഗം
## (The Third Means)

അനുതാപത്തിലേക്ക് ഏവരേയും മാടിവിളിക്കുന്ന വലിയ സുവിശേഷകനായ ദൈവം വിവിധ മാർഗ്ഗത്തിലൂടെ ഓരോരുത്തരോടും സംസാരിച്ചുകൊിരിക്കുന്നു. പൗലോസിന്റെ വാക്കുകളെ ഒരിക്കൽകൂടി ശ്രവിക്കാം

അനീതികൊു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരേ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു (റോമ 1:18).

ദൈവകോപം വെളിപ്പെടുമെന്നല്ല വെളിപ്പെട്ടിരിക്കുന്നു എന്നാണ് പൗലോസ് പറയുന്നത്. വ്യക്തികളിൽ വന്നുചേരുന്ന ചെറുതും വലുതുമായ ദുഃഖകരമായ അനുഭവങ്ങൾ, മാനവരാശിക്കുപൊതുവായി വന്നുഭവിക്കുന്ന ദുരന്തങ്ങൾ, ഇതെല്ലാം ദൈവകോപത്തിന്റെ പ്രകടമായ തെളിവുകൾ ആണ്. സർവ്വശക്തനായ ദൈവം എന്തും ചെയ്യാൻ കഴിവുള്ളവനും ഏതു ദുരന്തത്തേയും തടയുവാൻ പ്രാപ്തിയുള്ളവനുമാണ്. ദൈവത്തെ അവഗണിക്കുന്നവരുടെ മേൽ ഈ ദുരന്തങ്ങൾ വന്നുചേരുമ്പോൾ ഓർത്തുകൊള്ളുക, ദൈവകോപത്തിന്റെ പ്രകടമായ തെളിവുകളാണ് ഈ ദുരന്തങ്ങൾ. വിവേകമില്ലാത്ത വേദപണ്ഡിത-ന്മാർക്കും, വിഡ്ഢികളായ തത്വജ്ഞാനികൾക്കും ഇത് കാണാൻ കഴിയുകയില്ല. എന്നാൽ ദൈവത്തിന്റെ ക്രോധത്തിൽപോലും ദൈവത്തിന്റെ കരുണയും സ്നേഹവും വെളിപ്പെടുന്നു്. ദൈവവകോപത്തിൻപോലും സ്നേഹവും കരുണയും ഉന്നെു പറയാൻ കാരണം അനുതപിക്കാത്തവൻ മരണാനന്തരം അനുഭവിക്കുവാൻ പോകുന്ന നിത്യാഗ്നിയുടെ ചൂടിനെക്കുറിച്ച് ഒരുമുന്നറിയിപ്പ് ഈ ക്രോധത്തിലുന്നെുള്ളതാണ്. അനുതപിച്ച് രക്ഷയെ കരസ്തമാക്കാൻ വേി ഒരുവന്റെ ശ്രദ്ധയെ ക്ഷണിക്കാൻ ദൈവം ഉപയോഗിക്കുന്ന ഒരു മാർഗ്ഗമാണ് ദൈവികക്രോധം.

## നാലാമത്തെ മാർഗ്ഗം
## (A Fourth Means)

സൃഷ്ടിയിലൂടെയും മനസാക്ഷിയിലൂടേയും നാശത്തിലൂടേയുംമാത്രമല്ല, സുവിശേഷത്തിലൂടേയും ദൈവം മനുഷ്യനെ അകർഷിക്കുന്നു്. ദൈവദാസന്മാർ ദൈവത്തെ അനുസരിച്ച് സുവിശേഷം പ്രഘോഷിക്കുമ്പോൾ സൃഷ്ടിയിലൂടേയും മനസാക്ഷിയിലൂടേയും നാശത്തിലൂടെയും ഒരിക്കൽകൂടി അനുതപിക്കുക എന്ന സന്ദേശം മുഴങ്ങി കേൾക്കുകയാണ്.

സുവിശേഷത്തിന്റെ പേരിൽ നാം ഇന്നു ചെയ്യുന്നതിന് ദൈവം ചെയ്യുന്ന സുവിശേഷികരണവുമായി യാതൊരു ബന്ധവുമില്ല. ഓരോ വ്യക്തിയേയും ഓരോ നിമിഷവും, ഓരോ ദിവസവും ദൈവം സുവിശേഷികരിക്കുകയാണ്. എന്നാൽ പ്രശസ്തരായ സുവിശേഷകർ പോലും കഴിഞ്ഞ ദശാബ്ദത്തിനുള്ളിൽ വളരെ ചുരുങ്ങിയ സമയം മാത്രമേ ആളുകളെ സുവിശേഷത്തിലൂടെ ബോധവത്കരിച്ചിട്ടുായിരിക്കുകയുള്ള. ആ സുവിശേഷകർ സമയചുരുക്കംകൊ് ഒരിക്കൽ മാത്രമെ ആ ജനക്കൂട്ടത്തെ സുവിശേഷം അറിയിച്ചിരിക്കാൻ സാദ്ധ്യതയുള്ളു. അവർക്കുകിട്ടിയ ആ ഒറ്റ അവസരം അവർ ഉപയോഗിക്കുകയും യേശു പറഞ്ഞതുപോലെ കാലിലെ പൊടിതട്ടിയിട്ട് അവർ പോയിട്ടുായിരിക്കും (മത്താ 10:14). ദൈവത്തിന്റെ തുടർമാനമായ ലോകൈകമായ, ആന്തരീകമായി ബോദ്ധ്യം വരുത്തുന്ന സുവിശേഷീകരണമാതൃ

കയെ നമ്മുടെ പരിധിനിർണ്ണയിക്കപ്പെട്ട സുവിശേഷികരണവുമായി ഒരിക്കലും താരതമ്യപ്പെടുത്തുവാൻ സാധ്യമല്ല.

ദൈവരാജ്യം സ്ഥാപിക്കാൻ സുവിശേഷീകരണത്തിനുള്ള നമ്മുടെ ഉത്തവാദിത്വത്തെക്കുറിച്ച് മനസ്സിലാക്കാൻ ഈ കാഴ്ചപ്പാട് നമ്മെ സഹായിക്കും. നമ്മുടെ ചുമതലയെക്കുറിച്ച് ചിന്തിക്കുന്നതിനുമുമ്പ്, നാം അവഗണിച്ചുകൂടാത്ത മറ്റൊരു പ്രധാനഘടകമു്.

വിശ്വസിക്കുക, അനുതപിക്കുക , ഇവ രും ഹൃദയത്തിൽ നടക്കുന്ന രു പ്രധാന കാര്യങ്ങളാണ്. താഴ്മ ധരിക്കുക, ഹൃദയകഠിനഉപേക്ഷിക്കുക, അനുതപിക്കുക, യേശുക്രിസ്തുവിൻ വിശ്വസിക്കുക, ഇതെല്ലാം ദൈവം ഒരുവനിൽനിന്ന് ആഗ്രഹിക്കുന്നു്. അന്ത്യത്തിൽ ദൈവം നിരന്തരമായി മനുഷ്യന്റെ ഹൃദയങ്ങളിൽ വ്യത്യസ്തമായ രീതിയിൽ പ്രവർത്തിക്കുന്നു്.

ഓരോ വ്യക്തിയുടേയും ഹൃദയം ദൈവം അറിയുന്നു. ആരുടെ ഹൃദയമാണ്, കഠിനമായത്, ആരുടെ ഹൃദയമാണ് മൃദുലമായത് എന്നൊക്കെ ദൈവം അറിയുന്നു. ദൈവികസന്ദേശത്തെ സ്വീകരിക്കുന്നവരേയും, അതിനെ ഉപേക്ഷിക്കുന്നവരേയും ദൈവം അറിയുന്നു. സംഘർഷങ്ങൾ കുടിയിരിക്കുന്ന എത്ര ഹൃദയങ്ങൾ ദൈവമുമ്പിൽ സമർപ്പിക്കപ്പെട്ടു എന്ന് ദൈവത്തിന്നറിയാം കഠിനതമൂലം അനുതപിക്കാൻ കഴിയാതെ പ്രത്യാശ നഷ്ടപ്പെട്ട ഹൃദയങ്ങളെ ദൈവം കാണുന്നു. ജനത്തിന്റെ ഹൃദയം കഠിനപ്പെട്ടിരിക്കുന്നതുകൊ് അവർക്കുവേി പ്രാർത്ഥിക്കരുതെന്ന് യിരമ്യാവിനോടു ദൈവം മൂന്നു പ്രാവശ്യം അരുളിചെയ്തു. യിര 7:16, 11:14,14:11.[102] അനുതപിക്കാൻ സാധ്യതയുള്ള ഹൃദയങ്ങളെ ദൈവം വ്യക്തമായി അറിയുന്നു.

ഇതിന്റെ വെളിച്ചത്തിൽ ഇന്നത്തെ സഭകൾ ദൈവരാജ്യം സ്ഥാപിതമാകാൻ സുവിശേഷപ്രഘോഷണം നടത്തുന്നു എന്ന് ചിന്തിക്കാൻ കഴിയുമോ?

## തത്വം ഒന്ന്
## (Principle I)

സുവിശേഷികരണത്തിന്റെ 95% പ്രവർത്തിയും വലിയ സുവിശേഷകനായ ദൈവമാണ് ചെയ്യുന്നത്. ദൈവവചനത്തെ സ്വീകരിക്കാൻ വിസമ്മതിക്കുന്ന കഠിനഹൃയമുള്ളവരെ തേടിപ്പോകുന്നതിനേക്കാൾ ദൈവവചനത്തെ സ്വീകരിക്കുന്ന ലളിത ഹൃദയമുള്ളവരെ തേടിപ്പോകുന്നതിനാണൊ ദൈവം തന്റെ ദാസന്മാരെ പ്രോത്സാഹിക്കുന്നത്? അതേ എന്നു ഞാൻ വിശ്വസിക്കുന്നു.

---

102 . ദൈവനചനത്തിന് എതിരെ ഹൃദയം കഠിനമാക്കിയാൽ ആ ഹൃദയത്തെ ദൈവം കഠിനമാക്കും (ഫറവോനെപ്പോലെ) അങ്ങനെയുള്ളവർക്ക് ഒരിക്കലും അനുതപിക്കാൻ കഴിയുകയില്ല.

മഹാസുവിശേഷകനായ ദൈവം ഓരോ നിമിഷവും ജീവിതങ്ങളോടു സുവിശേഷം പ്രസംഗിച്ചുകൊിരിക്കുകയാണ്. വർഷങ്ങളായി ദൈവം സുവിശേഷം പറഞ്ഞിട്ടും ചെവിക്കൊള്ളാത്തവരുടെ മദ്ധ്യത്തിലേക്കു സുവിശേഷവുമായി ദൈവദാസന്മാരെ ദൈവം അയക്കുമോ? എന്തിനാണ് ദൈവം അതിന് സമയം പാഴാക്കുന്നത്? ദൈവത്തിന്റെ 95 ശതമാനം അവർക്കുവേി ചിലവഴിച്ചിട്ടും അവർ അനുതപിച്ചില്ല എന്നിട്ടും എന്തിനാണ് അവശേഷിക്കുന്ന 5 ശതമാനത്തിനുവേി ദൈവദാസന്മാരെ അയയ്ക്കുന്നത്? ന്യായവിധിയെക്കുറിച്ച് അറിയുമ്പോഴെങ്കിലും അവരുടെ ഹൃദയകാഠിന്യം നീക്കാൻ കഴിയുമോ എന്നറിയാൻ ഒരവസരംകൂടി ദൈവം നൽകുകയാണ്.അതുകൊാണ് മനസ്സലിവുള്ള ദൈവം സുവിശേഷം പ്രഘോഷിക്കുവാൻവേി തന്റെ ദാസന്മാരെ അയയ്ക്കുന്നത്.

അനുതപിക്കുകയില്ലായെന്ന് അറിഞ്ഞിട്ടും വീും ദൈവം എന്താണ് തന്റെ ദാസന്മാരെ അയച്ച് ചിലരോട് സുവിശേഷം അറിയിക്കുന്നത്? ന്യായവിധിനാളിൽ അവർക്ക് ഒഴിഞ്ഞുമാറാൻ കഴിയാതിരിക്കേതിനാണ് ദൈവം അങ്ങനെ ചെയ്യുന്നത്. ദൈവത്തിന്റെ നിത്യശക്തിയും ദിവ്യത്വവും അവന്റെ പ്രവൃത്തികളാൻ ബുദ്ധിക്കുതെളിവായി വെളിപ്പെട്ടുവരുന്നു, അവർക്കുപ്രതിവാദമില്ലാതിരിക്കേതിനാണ് അങ്ങനെ ചെയ്യുന്നത് (റോമ 1:20). ദൈവം തന്റെ ദാസനെ അങ്ങനെയുള്ളവരുടെ ചാരത്തേക്ക് അയച്ചില്ലായെങ്കിൽ അവർ കണക്കുബോധിപ്പിക്കേിവരുമെന്ന് പറയാൻ സാധ്യമല്ല.

വചനത്തെ സ്വീകരിക്കാൻ ത്ല്പര്യമുള്ളവരുടെ ചാരത്തേക്കാണ് ദൈവം തന്റെ ദാസന്മാരെ അയയ്ക്കാൻ ആഗ്രഹിക്കുന്നത്. അവരുടെ പ്രാർത്ഥനയിലൂടെ വിളഞ്ഞ പാടങ്ങളെകൊയ്തെടുക്കാൻ ദൈവം ആഗ്രഹിക്കുന്നു.

## വചനപരമായ ഒരു മാതൃക
## (A Scriptural Example)

അപ്പോസ്തലപ്രവർത്തിയുടെ പുസ്തകത്തിൽ സുവിശേഷകനായ ഫിലിപ്പോസ് ഈ മാതൃകയെ മനോഹരമായി വെളിപ്പെടുത്തിയിരിക്കുന്നു. ശമര്യാപട്ടണത്തിലെ പുരുഷാരത്തോടു ഫിലിപ്പോസ് സുവിശേഷം പറഞ്ഞുകൊിരിക്കുകയായിരുന്നു. എന്നാൽ ഒരു ദൂതൻ അവനു പ്രത്യക്ഷനായി താൻ കാണിപ്പാനിരിക്കുന്ന സ്ഥലത്തേക്കു പോകാൻ നിർദ്ദേശിച്ചു. അവിടെ അവിശ്വസനീയമായ രീതിയിൽ ഒരുവനെ കത്തെി.

> അനന്തരം കർത്താവിന്റെ ദൂതൻ ഫിലിപ്പോസിനോടു: നീ എഴുന്നേറ്റു തെക്കോട്ടു യരുശലേമിൽനിന്നു ഗസെക്കുള്ള നിർജ്ജനമായ വഴിയിലേക്കു പോക എന്നു പറഞ്ഞു. അവൻ പുറപ്പെട്ടു ചെന്നപ്പോൾ കന്ദക്ക എന്ന എത്യോപ്യരാജ്ഞിയുടെ ഒരു ഷണ്ഡനും മഹാനും അവളുടെ സകലഭണ്ഡാരത്തിന്നും മേൽവിചാരകനുമായ ഒരു എത്യോപ്യനെ കു. അവൻ യെരുശലേമിൽ നമസ്കരിപ്പാൻ വന്നിട്ടു

മടങ്ങിപ്പോകയിൽ തേരിൽ ഇരുന്നു യെശ്യ്യാപ്രവാചകന്റെ പുസ്തകം വായിക്കയായിരുന്നു. ആത്മാവു ഫിലിപ്പോസിനോടു: നീ അടുത്തുചെന്നു തേരിനോടു ചേർന്നു നടക്ക എന്നു പറഞ്ഞു. ഫിലിപ്പോസ് ഓടിച്ചെല്ലുമ്പോൾ യെശയ്യാപ്രവാചകന്റെ പുസ്തകം വായിക്കുന്നുകേട്ടു: നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ എന്നു ചോദിച്ചതിന്നു: ഒരുവൻ പൊരുൾ തിരിച്ചുതരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും എന്നു അവൻ പറഞ്ഞു: ഫിലിപ്പോസ് കയറി തന്നോടുകൂടെ ഇരിക്കേണം എന്നു അപേക്ഷിച്ചു. തിരുവെഴുത്തിൽ അവൻ വായിച്ച ഭാഗമാണിത്.

> അറുക്കുവാനുള്ള ആടിനെപ്പോലെ അവനെ കൊുപോയി; രോമം കത്രിക്കുന്നവന്റെ മുമ്പാകെ അവൻ വായ് തുറക്കാതിരുന്നു. മിാതിരിക്കുന്ന കുഞ്ഞാടിനെ പ്പോലെ അവൻ വായ് തുറക്കാതിരുന്നു. അവന്റെ താഴ്ചയിൽ അവന്നു ന്യായം കിട്ടാതെ പോയി; അവന്റെ തലമുറയെ ആർ വിവരിക്കും? ഭൂമിയിൽ നിന്നു അവന്റെ ജീവനെ എടുത്തു കളയുന്നുവല്ലോ.

ഷണ്ഡൻ ഫിലിപ്പൊസിനോടു: ഇതു പ്രവാചകൻ ആരെക്കുറിച്ചു പ റയുന്നു? തന്നെക്കുറിച്ചോ മറ്റൊരുത്തനെക്കുറിച്ചോ എന്നു പ റഞ്ഞുതരേണം എന്നു അപേക്ഷിച്ചു. ഫിലിപ്പോസ് ഈ തിരുവെഴുത്തു ആധാരമാക്കിഅവനോടു യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി. അവർ ഇങ്ങനെ വഴിപോകയിൽ വെള്ളമുള്ളോരു സ്ഥലത്തു എത്തിയപ്പോൾ ഷണ്ഡൻ: ഇതാ വെള്ളം ഞാൻ സ്നാനം ഏല്കുന്നതിനു എന്തുവിരോധം എന്നു പറഞ്ഞു. അതിനു ഫിലിപ്പൊസ്: നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. യേശുക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു. അങ്ങനെ അവൻ തേർനിർത്തുവാൻ കല്പിച്ചു. ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽനിന്നു കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് ഫിലിപ്പൊസിനെ എടുത്തുകൊുപോയി; ഷണ്ഡൻ അവനെ പിന്നെ ക ില്ല; അവൻ സന്തോഷിച്ചും കൊു തന്റെ വഴിക്കുപോയി (അപ്ര 8:26 –39).

ആഫ്രിക്കയിൽനിന്നും യറുശലേമിലേക്ക് ദൈവത്തെ ആരാധിക്കാൻ യെശയ്യാ പ്രവചനത്തിന്റെ ഒരു ചുരുളും വാങ്ങിയാത്രചെയ്ത ആത്മീക ദാരി ദ്രമുള്ള ഒരു വ്യക്തിയോടു സുവിശേഷം അറിയിക്കാൻ ദൈവം ഫിലിപ്പോ സിനെ കല്പിച്ചാക്കി. പ്രവചനപുസ്തകത്തിന്റെ 53–ാം അദ്ധ്യായം വായിച്ച് അർത്ഥമോ ആശയമോ ഗ്രഹിക്കാതെ കുഴങ്ങിയ ഷണ്ഡന്റെ ചാരത്ത് ഫിലി പ്പോസ് എത്തി, ഷണ്ഡൻ വായിച്ചതിന്റെ പൊരുൾ തിരിച്ചുകൊടുത്തു സുവി

ശേഷത്തിനുവേി ദാഹിച്ച ഷണ്ഡന്റെ ഹൃദയവാഞ്ച ദൈവം അറിഞ്ഞു, ഷണ്ഡനു അയച്ചുകൊടുത്തു.

## ഒരു നല്ല മാർഗ്ഗം
## (A Better Way)

സുവിശേഷം സ്വീകരിക്കാൻ താല്പര്യമില്ലാത്തവരോട് പലവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ച് സുവിശേഷം പറയുന്നതിനേക്കാൾ, സുവിശേഷം കേൾപാൻ താത്പര്യമുള്ളവരോടു പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ സുവിശേഷം പകർന്നുകൊടുക്കുന്നത് കൂടുതൽ ഫലപ്രദമാണ്. നാം കുമുട്ടുന്ന ഓരോ വ്യക്തിയേയും ദൈവം നിരന്തരമായി സന്ധിച്ചതാണെന്ന് മറക്കരുത് നാം കുമുട്ടുന്ന വ്യക്തികളോടു ദൈവത്തെ സ്വീകരിക്കാൻ താത്പര്യമുായെന്ന് അവരുടെ മനസാക്ഷിയോടു ചോദിച്ച് അതിന്റെ അവസ്ഥയെ മുൻകൂട്ടി അറിയുന്നത് നന്നായിരിക്കും.

കൊർന്നല്യോസിന്റെ വീട്ടിൽ പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ട പത്രോസ് അവിടുത്തെ ജാതികളുടെ കൂട്ടത്തോട് സുവിശേഷം അറിയിച്ചു. കൊർന്നല്യോസ് ആത്മാവിന് വിധേയപ്പെട്ടവനും ദൈവഭയം ഉള്ളവനും പലർക്കും ദാനം കൊടുക്കുന്നവനും പ്രാർത്ഥിക്കുന്നവും ആയിരുന്നു (അപ്ര 10:2) ദൈവം പത്രോസിനെഅവന്റെ ഭവനത്തിലേക്ക് അയച്ചുകൊടുത്തു. പത്രോസിന്റെ സന്ദേശം ശ്രവിച്ച കൊർന്നല്യോസ് രക്ഷ കരസ്ഥമാക്കി.

പട്ടണങ്ങളെ വിഭജിച്ച്, വീും അതിനെ പല തട്ടുകളായി പങ്കുവെച്ച് അവിടെയൊക്കെ പലസംഘടനകൾ കൂട്ടമായും ജോഡിയായും സുവിശേഷികരണത്തിനുപോയി സമയം വൃഥാവാക്കുന്നതിനെക്കാൾ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിച്ച് ആത്മാവിന്റെ നിയന്ത്രണത്തിൽ പരിശുദ്ധാത്മാവ് കാട്ടിത്തരുന്നവരോട് സുവിശേഷീകരണം നടത്തുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. മിഷിനറിമാരുടെ തന്ത്രം ഉപയോഗിച്ച് പത്രോസ് യറുശലേമിൽ ഒരു കൂട്ടായ്മ നടത്തിയിരുന്നെങ്കിൽ, ഫിലിപ്പോസ് ശമര്യയിൽ സുവിശേഷീകരണം തുടർന്നു പോയിരുന്നെങ്കിൽ, കൊർന്നല്യോസിന്റെ ഭവനത്തിൽ കൂടിയിരുന്നവർക്കും എത്യോപ്യൻ ഷണ്ഡനും രക്ഷ നഷ്ടമാകുമായിരുന്നു.

അപ്പോസ്തലന്മാരും സുവിശേഷകന്മാരും സുവിശേഷത്തോടു അനുകൂലമായും പ്രതികൂലമായും സമ്മിശ്രമായി പ്രതികരിക്കുന്ന പുരുഷാരത്തിന്റെ ഇടയിലാണ് പ്രവർത്തിക്കേത്. ദൈവത്തിനു ആവശ്യമുള്ള വ്യക്തികളെ ദൈവം ഉപയോഗിക്കും.ആത്മാവ് നയിക്കുന്ന വ്യക്തികളോടുചേർന്ന് ആത്മാഭിഷേകം പ്രാപിച്ചവർ പ്രവർത്തിക്കുമ്പോൾ പരിശുദ്ധാത്മാവിനാൽ അവർ ദൈവരാജ്യം പണിയും. ആധുനിക സഭകളും ആദിമ സഭകളും തമ്മിൽ വലിയ വ്യത്യാസമു്. വ്യത്യസ്തമാതൃകയുള്ള ഈ സഭകൾ പുറപ്പെടുവിക്കുന്ന ഫലങ്ങളും വ്യത്യസ്തമാണ്. നല്ല ഫലം പുറപ്പെടുവിക്കുന്ന മാതൃകയെ പിൻപറ്റുന്നതല്ലേ അഭികാമ്യം?

**തത്വം 2**

## (Principle 2)

സുവിശേഷികരണത്തിലൂടെയാണ് ദൈവരാജ്യം പണിയപ്പെടുന്നത്. ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ബൈബിൾ തത്വങ്ങൾ സുവിശേഷികരണത്തിന് എത്രമാത്രം സഹായകരമാണെന്നു നോക്കാം.

സൃഷ്ടിയും മനസാക്ഷിയും, നാശവും മനുഷ്യവർഗ്ഗത്തെ അനുതാപത്തിലേക്കു മാടിവിളിക്കുന്നതിനുവേി ദൈവം ചമച്ചതാണെങ്കിൽ സുവിശേഷം പ്രസംഗിക്കുന്നവർ ഇതിന് വിപരീതമായ ഒരു സന്ദേശമല്ല പ്രചരിപ്പിക്കുന്നതന്ന് അവർക്ക് ഉറപ്പുായിരിക്കണം. പാപികളോടു ദൈവം പറഞ്ഞതിന് വിപരീതമായിട്ടാണ് പലരും സന്ദേശം നൽകുന്നത്. നിത്യജീവൻ കരസ്ഥമാക്കാൻ വിശുദ്ധിയും അനുസരണയും അനിവാര്യമല്ലായെന്ന അവരുടെ ആശയം വചനാടിസ്ഥാനമല്ല. രക്ഷയ്ക്ക് അനുതാപം ആവശ്യമാണെന്ന് പറയാതെ, രക്ഷ പ്രവൃത്തിയിൽ അധിഷ്ടിതമാണെന്ന് പറയാതെ, അവർ ദൈവത്തിന് എതിരായി പ്രവർത്തിക്കുകയാണ്, തന്മൂലം ജനങ്ങൾ വഞ്ചനയുടെ ആഴത്തിലേക്കു പതിക്കുന്നു കാരണം അവർ രക്ഷിക്കപ്പെടാതെതന്നെ രക്ഷിക്കപ്പെട്ടുവെന്ന് വിശ്വസിക്കുന്നു. ദൈവത്തിന്റെ സന്ദേശകർതന്നെ ദൈവത്തിന് എതിരായി പ്രവർത്തിക്കുകയും എന്നാൽ ദൈവത്തെ പ്രതിനിധീകരിക്കുന്നുവെന്നു പറയുകയും ചെയ്യുന്നത് വിചിത്രമത്രേ.

പാപമോചനവും മാനസാന്തരവും പ്രസംഗിക്കാനാണ് യേശു അരുളിചെയ്തത് (ലൂക്കോ 24:47). പാപിയോടു ദൈവം അനുദിനം സംസാരിച്ചുകൊിരിക്കുന്നത് എന്തെന്ന് ഇത് വെളിപ്പെടുത്തുന്നു. സുവിശേഷം ഹൃദയത്തെ തുളച്ചുകയറുന്നു, എന്നാൽ കഠിനഹൃദയം അതിനെ ത്യജിക്കുന്നു. എന്നാൽ മൃദുലമായ ആധുനിക സുവിശേഷം ദൈവം അവരെ എത്രമാത്രം സ്നേഹിക്കുന്നു എന്നു വെളിപ്പെടുത്തുന്നു. കൂടാതെ ദൈവത്തിനുഅവരോടു വിദ്വേഷമില്ലായെന്നു അവരെ ഇത് തെറ്റിദ്ധരിപ്പിക്കുന്നു. യേശുവിനെ കൈക്കൊള്ളുകമാത്രം ചെയ്യുക എന്ന ഒരു കേവലപ്രയോഗമായി ഇതിനെ ലഘൂകരിച്ചിരിക്കുന്നു. എന്നാൽ രാജാധിരാജാവും കർത്താധികർത്താവുമായ ദൈവം ഇത് അംഗീകരിക്കണമെന്നില്ല. ഇവിടെ ഉദിക്കുന്ന ചോദ്യം നീ ക്രിസ്തുവിനെ സ്വീകരിക്കുമോ എന്നല്ല, ക്രിസ്തു നിന്നെ സ്വീകരിക്കമോ എന്നതാണ്. ഉത്തരം വ്യക്തവും ലളിതവുമാണ്. നീ അനുതപിച്ച് യേശുവിനെ പിൻപറ്റിയില്ലായെങ്കിൽ അവൻനിന്നെ കൈക്കൊള്ളുകയില്ല. അവന്റെ കരുണ നിന്നെ രക്ഷിക്കുകയില്ല, അത്നിന്നെ നരകത്തിൽ എത്തിക്കുകയേയുള്ളു.

ദൈവത്തിന്റെ കൃപയെ കേവലമായി ആധുനിക സുവിശേഷകർ കാണുന്നു. പല രാജ്യങ്ങളും ഭരിക്കാനുള്ള അധികാരം ദൈവം നൽകിയിട്ടും (ഇതിന് ഒരു വാദത്തിന്റെ ആവശ്യമില്ല കാരണം ദാനി 4:17, 25, 32, 15:21, യോഹ 19:11 അപ്ര 12:23, റോമ 13:1) അവരുടെ രാജ്യങ്ങളെ മിഷിനറികൾക്ക് മുമ്പിൽ അടച്ചിരിക്കുകയാണ്.ഒരു പക്ഷേ ദൈവം തന്നെ, തെറ്റായ സുവിശേഷം പ്രചരിപ്പിക്കാതിരിക്കാൻ വേി ഈ രാജ്യങ്ങളുടെ വാതിലൂകൾ അടച്ചതാണോ?

## തത്വം 3
## (Principlpe 3)

തെറ്റായ രീതിയെ പിൻപറ്റുന്നവരെ ദൈവം എങ്ങനെ കണക്കാക്കുന്നു എന്ന് ഈ അദ്ധ്യായത്തിന്റെ തുടക്കത്തിൽ തന്നെ പരാമർശിച്ചിട്ട്. ഇതുവരേയും സത്യം കേട്ടട്ടില്ലാത്തവർ എന്ന് കരുതി അജ്ഞരുടെ പട്ടികയിൽ ഉൾപെടുത്തി ദൈവം അവരോടു അനുകമ്പ കാണിക്കുമോ? വേരീതിയിൽ സുവിശേഷം പ്രചരിപ്പിക്കാത്തതാണ് അവർക്ക് രക്ഷയ്ക്ക് തടസ്സമായതെന്ന് കരുതി അവരുടെ നാശത്തിന്റെ ഉത്തവാദിത്വം സഭയ്ക്ക് ഏൽക്കേിവരുമോ?

ഇവരാരും സത്യം അറിയാത്തവരല്ല. വചനത്തെ പൂർണ്ണമായി ഗ്രഹിച്ച ഒരു വിശ്വാസിയെപ്പോലെ പ്രാഗ്ത്ഭ്യം അവർക്കില്ലാതിരിക്കാം, എന്നാൽ ദൈവം തന്നെ സൃഷ്ടി, പരിപാലനം, നാശം ഇത്യാദിയിലൂടെ രക്ഷയുടെ സന്ദേശം പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുന്നു എന്ന് എല്ലാവർക്കും അറിയാം. ഇവർ ഒരു വിശ്വാസിയെ കിട്ടില്ലായെങ്കിലും, സുവിശേഷം കേട്ടിട്ടില്ലായെങ്കിലും, ദൈവം അവരെ നിരന്തരമായി അനുതാപത്തിലേക്കു മാടിവിളിച്ചുകൊിരിക്കുകയാണ്. ഇവർ തങ്ങളുടെ ഹൃദയങ്ങളെ ഒന്നുകിൽ കഠിനമാക്കി ദൈവവചനത്തെ നിരസിക്കുന്നു, അല്ലെങ്കിൽ ഹദയത്തെ പക്വതപ്പെടുത്തി വചനത്തെ സ്വീകരിക്കുന്നു.

അവിശ്വാസികളുടെ അജ്ഞതയെക്കുറിച്ചും അതിന്റെ കാരണത്തെക്കുറിച്ചും പൗലോസ് എഴുതുന്നു:

> ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്നതു എന്തന്നാൽ: ജാതികൾ തങ്ങളുടെ വ്യാർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. അവർ അന്ധബുദ്ധികളായി അജ്ഞാനം നമിത്തം, ഹൃദയകാഠിന്യംനിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽനിന്നു അകുന്നു മനം തഴമ്പിച്ചുപോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിന് തങ്ങളെത്തന്നെ ഏൽപിച്ചിരിക്കുന്നു (എഫേ 4: 17–19).

ജാതികളുടെ ഹൃദയകാഠിന്യത്തിനുകാരണം അവരുടെ അജ്ഞതയാണ്. അവരുടെ മനസ്സ് തഴമ്പിച്ചുപോയിരിക്കുന്നു എന്നു പൗലോസ് പറയുന്നു. അവരുടെ ഹൃദയത്തിന്റെ അവസ്തയെക്കുറിച്ചാണ് പൗലോസ് പറയുന്നത്. തഴമ്പുകൾ കയ്യിൽ പ്രത്യക്ഷപ്പെടുന്നത് കയ്യുടെ മൃദുലമായ തലങ്ങൾ കഠിനമായ പ്രതലവുമായി നിരന്തരം സമ്പർക്കത്തിലായിരിക്കുന്നതുകൊാണ്. സൃഷ്ടിയുടേയും പരിപാലനത്തിന്റേയും നാശത്തിന്റേയും വ്യത്യസ്തഭാവത്തിലൂടെയുള്ള ദൈവിക ക്ഷണത്തെ നിരന്തരമായി മനുഷ്യൻ അവഗണിക്കുമ്പോൾ അവന്റെ ഹൃദയം തഴമ്പുകൊു കഠിനപ്പെടുകയും ദിവ്യമായ വിളിയോടു പ്രതികരിക്കാൻ കഴിയാതെ പോകുകയും ചെയ്യുന്നു. ഇതുകൊാണ്

മുതിർന്ന പ്രായമേറിയവരുടെ ഹദയം സുവിശേഷം സ്വീകരിക്കപ്പെടാൻ കഴിയാത്തവിധം കഠിനമായിപ്പോകുന്നത്. പ്രായാധിക്യമേറിയ ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അനുതാപം അസാധ്യമാണ്. അതുകൊ് ബുദ്ധിയുള്ള സുവിശേഷകന്മാർ യുവാക്കളെയാണ് കൂടുതൽ ലക്ഷ്യമിടുന്നത്.

## വിശ്വസിക്കാത്തവരുടെ തെറ്റ്
## (The Guilt of the Unbelieving)

ഒരു സുവിശേഷകനിൽനിന്ന് നിങ്ങൾക്ക് സത്യം ഗ്രഹിക്കാൻ കഴിഞ്ഞില്ലായെന്നതുകൊ് ദൈവം നിങ്ങളെ കുറ്റം വിധിക്കാതിരിക്കുകയില്ല. ദൈവത്തിന്റെ മുമ്പിൽ കണക്കുബോധിപ്പിക്കേിവരികയാണെങ്കിൽ ദൈവം അവരെ ശിക്ഷിക്കുകയില്ലല്ലോ. ഓരോരുത്തരും കണക്കുബോധിപ്പിക്കേിവരികയും അതിനനുസരിച്ച് ശിക്ഷിക്കപ്പെടുകയും ചെയ്യും. ഓരോരുത്തരുടേയും പ്രവൃത്തി ദൈവത്തിന് അനിഷ്ടമുളവാക്കുന്നതാണെന്നും അറിഞ്ഞിരിക്കണം.

ദൈവത്തിന്റെ ക്ഷണത്തെ നിരസിക്കുന്നവരെ ദൈവം ശിക്ഷിക്കും. ദൈവത്തെ നിരസിക്കുന്തോറും അവർക്ക് പാപത്തോടു താത്പര്യം വർദ്ധിക്കുകയും അവർ അധ:പതിച്ച് അടിമകളായിത്തീരുകയും ചെയ്യും. പൗലോസ് എഴുതി:

> അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊു അവർ മൂഢരായിപ്പോയി അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷമയുള്ള മനുഷ്യൻ, പക്ഷി, നാല്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു.

> അതുകൊ് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ അപമാനിക്കേതിന്നു അശുദ്ധിയിൽ ഏൽപിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു. അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ.

> അതുകൊ് ദൈവം അവരെ അപമാനരംഗങ്ങളിൽ ഏല്പിച്ചു: അവരുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വാഭാവികസ്ത്രീഭോഗം വിട്ടു അന്യോന്യം കാമം ജ്വലിച്ചു ആണോടു ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന്നു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നെ പ്രാപിച്ചു.

ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിന്നു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ് വാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു. അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബ്ബുദ്ധിയും നിറഞ്ഞവൻ; അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ടൂരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ പുതുദോഷം സങ്കൽപിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റർ, ഈ വക പ്രവൃത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്കമാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കയും കൂടെ ചെയ്യുന്നു (റോമ 1:21-32).

മനുഷ്യൻ ചെയ്യുന്ന തന്റെ തെറ്റുകളുടെ ആഴമനുസരിച്ച് ദൈവമു മ്പാകെ കണക്ക് ബോധിപ്പിക്കേിവരും എന്ന് പൗലോസ് ഉദ്ബോധിപ്പിക്കുന്നു. ദൈവമെന്ന് അറിഞ്ഞെങ്കിലും ദൈവത്തിനുകൊടുക്കേ മഹത്വം അവർകൊടു ത്തില്ല നന്ദി കാണിച്ചില്ല, സത്യത്തെ വ്യാജത്തിനു കൈമാറ്റം ചെയ്തു അങ്ങനെ അവർ ദൈവത്തിന്റെ സത്യത്തെ മറിച്ചുകളഞ്ഞു. അതുകൊ് അവ രുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരം അപമാനിക്കപ്പെടാൻ ഏല്പിച്ചുകൊടുക്കുകയും കൂടുതൽ പാപത്തിന് വിധേയപ്പെടുത്തുകയും ചെയ്തു. പാപത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതുപോലെ മനുഷ്യൻ ദൈവത്തേയും സേവിച്ചുതുടങ്ങി അതുകൊ് ദൈവം അവരെ ആ വിധത്തിൽ തുടരാൻ അനുവദിച്ചു. ദൈവന്യായം അറിഞ്ഞിട്ടും പാപം പ്രവർത്തിക്കുന്നത് തുടർന്നു, തത്ഫലമായി അവർ സ്നേഹിക്കുന്ന അവരുടെ ദൈവത്തിന് അടിമകളായിത്തീരുകയും യഥാർത്ഥ ദൈവത്തെ തള്ളിക്കളയു കയും ചെയ്തു.

ഇതൊരു ന്യായവിധിയാണ്, ഇത്തരത്തിലുള്ള ന്യായവിധി ദൈവ ത്തിന് പാപിയോടുള്ള കരുണയുടെ ഒരു സൂചനയായി കണക്കാക്കാം. പാപി കൾ വീും വൈകൃതമായ പാപസ്വഭാവത്തിലേക്ക് വഴുതിപ്പോകുമ്പോൾ അവ രുടെ കണ്ണുതുറപ്പിക്കാനുള്ള ദൈവത്തിന്റെ കരുണയാണ് ന്യായവിധി. സ്വവർഗ്ഗരതി സംതൃപ്തിതരികയില്ലായെന്ന് അറിയാമായിരുന്നിട്ടും ഒരുവൻ അതിൽ തുടർന്നുപോകുന്നത് എന്തിനാണെന്ന് ഒന്നു സ്വയം ചോദിക്കാത്തക് വിചിത്രമായിരിക്കുന്നു (അവർ അവരുടെ ലൈംഗിക വൈകൃതത്തെ ന്യായിക രിക്കാൻ ശ്രമിച്ചു-കൊിരിക്കുകയാണ്). എന്നാൽ കരുണാമയനായ കർത്താ വിന് തന്റെ കരുണയുടെ ബഹുത്വപ്രകാരം അനുതപിക്കാനും തന്റെ കരു ണയെ അനുഭവിക്കാനും ദൈവം ഇപ്പോഴും അവർക്കായി കാത്തിരിക്കുന്നു.

ഈ ചോദ്യം സ്വയം ചോദിക്കേത് ലൈംഗികപാപം ചെയ്യുന്നവർ മാത്രമല്ല. ദൈവത്തെ സേവിക്കാൻ താത്പര്യപ്പെടാത്ത അസംഖ്യ ആളുകളു് അതിനു കാരണം അവരുടെ പാപപ്രവർത്തികളാണ്. ആ പാപപ്രവർത്തിക

ളുടെ ഒരു പട്ടികതന്നെ പൗലോസ് നിരത്തുന്നു്. കോടിക്കണത്തിന് ആളുകൾ അവരുടെ വിചിത്രമായ സ്വഭാവത്തിന് കാരണമെന്ത് എന്ന് ഒരു ചോദ്യം സ്വയം ചോദിക്കേസമയമാണിത്. ഞാൻ എന്തുകൊ് എന്റെ കുടുംബത്തെ വെറുക്കുന്നു? നുണപ്രചരണത്തിൽ ഞാൻ എന്തുകൊ് സംതൃപ്തികണ്ടെത്തുന്നു? എനിക്കുള്ളതിൽ എനിക്ക് സംതൃപ്തികത്തൊൻ കഴിയാത്തതെന്താണ്? എന്തുകൊാണ് ഞാൻ അശ്ലീല ചിത്രങ്ങളോടു ഇത്ര ഭ്രമം കാണിക്കുന്നത്? ദൈവം ഇതെല്ലാം കല്പിച്ചാക്കി മനുഷ്യന് നൽകിയിരിക്കുന്നത് പാപിയായി അവന്റെ ലോകത്തിൽ പാപിയായി ജീവിക്കാൻ തന്നെയാണ്.

എന്നാൽ ഏതൊരുവനും, ഏതുനിമിഷവും ഹൃദയത്തിന്റെ കാഠിന്യം മാറ്റി അനുതപിച്ച് യേശുവിൽ വിശ്വാസിക്കുവാൻ കഴിയും. ലോകത്തിൽ പല വലിയ പാപികളും ഹൃദയകാഠിന്യം കളഞ്ഞ് അനുതപിച്ച് യേശുവിനെ കൈക്കൊ സംഭവങ്ങൾ ഉായിട്ടു്. ഒരുവൻ പ്രാണവായു ശ്വസിച്ചുകൊിരിക്കുന്നടത്തോളം കാലം അവന് അനുതപിച്ച് പാപത്തെ വിട്ടൊഴിഞ്ഞ് രക്ഷ പ്രാപിക്കാനുള്ള അവസരവും നൽകപ്പെട്ടുകൊിരിക്കുന്നു.

## പ്രതിവാദത്തിന് അവസരമില്ല
## (No Excuses)

പൗലോസിന്റെ അഭിപ്രായത്തിൽ ഒരു പാപിക്ക് ഒരു ഒഴികഴിവും പറയാൻ പറ്റില്ല. മറ്റുള്ളവരെ പഴിക്കുമ്പോഴും ശരി ഏതെന്നും തെറ്റ് ഏതെന്നും അവർക്ക് വളരെ വ്യക്തമായി തിരിച്ചറിയാം. അതുകൊ് അവർ ദൈവത്തിന്റെ ശാപത്തിന് യോഗ്യരത്രേ!

> അതുകൊ് വിധിക്കുന്ന ഏതു മനുഷ്യനുമായുള്ളോവേ, നിനക്കു പ്രതിവാദം പറവാൻ ഇല്ല; അന്യനെ വിധിക്കുന്നതിൽ നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു; വിധിക്കുന്ന നീ അതു തന്നേ പ്രവർത്തിക്കുന്നുവല്ലോ. എന്നാൽ ആ വക പ്രവർത്തിക്കുന്നവരുടെ നേരെ ദൈവത്തിന്റെ വിധി സത്യാനുസരണമായിരിക്കുന്നു എന്നു നാം അറിയുന്നു. ആവക പ്രവർത്തിക്കുന്നവരെ വിധിക്കയും അതു തന്നേ പ്രവർത്തിക്കയും ചെയ്യുന്ന മനുഷ്യാ, നീ ദൈവത്തിന്റെ വിധിയിൽ നിന്നു തെറ്റി ഒഴിയും എന്നു നിനെക്കുന്നുവോ. അല്ല. ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? (റോമ 2:1-4).

പാപികളോടു ദൈവം ദീർഘക്ഷമയും സഹനവും കാണിക്കുന്നു. അതിലൂടെ ദൈവം അവർക്ക് അനുതപിക്കുവാൻ അവസരം നൽകുകയാണ്. അനുതപിച്ച് വിശുദ്ധിയിൽ ജീവിക്കുന്നവൻ സ്വർഗ്ഗരാജ്യം അവകാശമാക്കുമെന്നു അപ്പോസ്തലനായ പൗലോസ് പറയുന്നു.

> എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുത്തുന്ന

കോപ ദിവസത്തേക്കു നിനക്കു തന്നേ കോപം ചരതിച്ചുവെക്കുന്നു. അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും. നല്ല പ്രവൃത്തിക്ക് വേുന്ന സ്ഥിരത പൂ തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്കു നിത്യജീവനും, ശാഠ്യംപൂ സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്കു കോപവും ക്രോധവും കൊടുക്കും. തിന്മ പ്രവർത്തിക്കുന്ന ഏതു മനുഷ്യാത്മാവിന്നും കഷ്ടവും സങ്കടവും ആദ്യം യെഹൂദനും പിന്നെ യവനനും വരും. നന്മ പ്രവർത്തിക്കുന്ന ഏവനും മഹത്വവും മാനവും സമാധാനവും ആദ്യം യെഹൂദനും പിന്നെ യവനനും ലഭിക്കും. (റോമ 2:5–10).

യേശുവിനെ രക്ഷകനായി സ്വീകരിച്ച ഒരു വ്യക്തിക്ക് നിത്യജീവൻ അവകാശമായി ലഭിക്കും എന്ന പഠിപ്പിക്കലിനോടു പൗലോസ് പൂർണ്ണമായി യോജിക്കുന്നില്ല. അനുതപിച്ച്, നന്മചെയ്ത് ദൈവമുഖം തേടി നിത്യതയെ മാനിക്കുന്നവർക്കാണ് നിത്യജീവൻ ലഭിക്കുന്നത്.

ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിച്ച് അനുതപിച്ച് രക്ഷയെ കര സ്തമാക്കി ജീവിക്കുവാൻ കഴിയുമെന്നാണൊ ഇത് ഉപദേശിക്കുന്നത്? അല്ല, യേശുവിലൂടെ മാത്രമെ രക്ഷയുള്ളു. അതിന് അനേകകാരണവും നിരത്താനു്. യേശുവിനുമാത്രമേ ഒരുവനെ പാപത്തിന്റെ അടിമത്വത്തിൽനിന്നു വിടുവിക്കു വാൻ കഴിയുകയുള്ളു.

യേശുവിനെക്കുറിച്ച് ഒരിക്കലും കേട്ടിട്ടില്ലാത്ത ഒരുവൻ അനുതപിച്ച് യേശുവിനെ സ്വീകരിക്കണമെന്ന് എങ്ങനെ അറിയും. ദൈവം എല്ലാവരു ടേയും ഹൃദയങ്ങളെ അറിയുന്നു. ദൈവത്തെ അന്വേഷിക്കുന്ന ഏതൊരു വനും ദൈവത്തെ കത്തെും. യേശുവിന്റെ വാഗ്ദത്തം അന്വേഷിപ്പിൻ ക ത്തെും (മത്താ 7:7), ഓരോരുത്തരും ദൈവത്തെ അന്വേഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. (അപ്ര 17:26–27) സുവിശേഷത്തിനുവേി തുടിക്കുന്ന ഒരു ഹൃദയത്തെക്കാണുമ്പോൾ, ദൈവം ആവ്യക്തിയുടെ അടുത്തേക്ക് സുവി ശേഷത്തെ എത്തിക്കും. എത്യോപ്യൻ ഷണ്ഡന്റെ അടുത്തേക്ക് ഫിലിപ്പോ സിനെ അയച്ചതും കൊർന്നല്യോസിന്റെ ഭവനത്തിലേക്ക് പത്രോസിനെ അയച്ചതും അങ്ങനെ തന്നെയാണ്. സഭയുടെ ഉത്തരവാദിത്വം ഇവിടെ പ്രസ ക്തമാണ്. സഭയുടെ പ്രാർത്ഥന ശൗലിനെ പൗലോസാക്കി മാറ്റാൻ ഇടയാ ക്കി. സുവിശേഷത്തിനുവേി ദാഹിക്കുന്ന ഒരുവന്റെ ചാരത്തേക്ക് പോകുവാൻ ഒരു സുവിശേഷകൻ തയ്യാറായില്ലെങ്കിൽ ആ പ്രവർത്തി ദൈവം തന്നെ ചെയ്തെടുക്കും. സുവിശേ ഷത്തിന് അനുമതി നിഷേധിക്കപ്പെട്ട പലരാജ്യങ്ങളിലും യേശുതന്നെ ജന ത്തിന് പ്രത്യക്ഷപ്പെട്ട് ദർശനം നൽകുന്നതിന് അനേക തെളിവുകൾ പറയു വാനു്.

## എന്തുകൊാണ് ജനം വിശ്വാസികളാകുന്നത്
## (Why people are Religious)

തെറ്റായ വിശ്വാസത്തെ പിൻതുടരുന്ന പലരും സത്യത്തെ കാംക്ഷിക്കുന്നവരും തേടുന്നവരുമാണ്. അവരുടെ പാപത്തിന് ഒരു പുറംചട്ട ആവശ്യമാണെനനുള്ളതുകൊുമാത്രമാണ് അവർ മതവിശ്വാസികളായിതുടരുന്നത്. അവരുടെ മനസ്സുമാറ്റത്തിനു വിധേയപ്പെട്ടുകൊിരിക്കുന്നതുകൊ് അവർ മതത്തിന്റെ മറയ്ക്കുള്ളിൽ മറഞ്ഞിരിക്കുകയാണ്. അവർ മതഭക്തിയിൽ ഊന്നിനിൽക്കുന്നതുകൊ് നരകത്തിൽ എത്തിപ്പെടില്ലായെന്ന് വിശ്വസിക്കുന്നു. മതവിശ്വാസിയായ ഒരു ക്രിസ്ത്യാനിയുടേയും അവസ്ഥ ഇതിൻനിന്നും വ്യത്യസ്തമല്ല. ഹിന്ദുക്കൾ, മുസ്ലീങ്ങൾ, ബുദ്ധമതക്കാൽ ഇവരെപ്പോലെത്തന്നെ തരംതാഴ്ന്ന വിശ്വാസമില്ലാത്ത നാമധേയക്രിസ്ത്യാനികളും പാപത്തിന്റെ മറയ്ക്കുള്ളിൽ മറഞ്ഞിരിക്കുകയാണ്. അവർ മതഭക്തിയിൽ മറഞ്ഞിരിക്കുമ്പോൾ അവരുടെ മനസാക്ഷി അവരെ നിരന്തരമായി കുറ്റം വിധിച്ചുകൊിരിക്കുകയാണ്.

ഒരു ബുദ്ധഭിക്ഷുവിന്റേയോ, ബുദ്ധവിഗ്രഹത്തിന്റെയോ മുമ്പിൽ ഒരുവൻ കുമ്പിടുമ്പോൾ, അവന്റെ മനസാക്ഷി അവനെ കുറ്റം വിധിക്കും. നീ ചെയ്യുന്നത് തെറ്റാണ്. തെരുവിൽ രോഗിയായി ഭിക്ഷതേടുന്ന യാചകനെ കാണുമ്പോൾ മുൻജന്മത്തിലെ അവന്റെ പാപത്തിന്റെ ഫലമാണ് ഇതെന്ന് ഒരു ഹൈന്ദവൻ പറയുമ്പോൾ അവന്റെ മനസാക്ഷി അവനെ കുറ്റം വിധിക്കുകയാണ്. വിശ്വാസവഞ്ചകനെ അല്ലാഹുവിന്റെ പേരിൽ ഒരു മുസ്ലീം ശിരച്ഛേദം ചെയ്യുമ്പോൾ അവന്റെ മനസാക്ഷി അവന്റെ കപടഭക്തിയെ നോക്കി വിലപിക്കുകയാണ്. ധനം കൂമ്പാരം കൂട്ടി, ലൈംഗികത പ്രദർശിപ്പിക്കുന്ന ടെലിവിഷൻ ചിത്രം ക്, അടുത്തുള്ള സഭാവിശ്വാസികളെക്കുറിച്ച് നുണ പ്രചരണം നടത്തി, കൃപയാൽ താൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് വിശ്വസിച്ച്, ജീവിക്കുന്ന ഒരു നാമധേയ ക്രിസ്ത്യാനിയെ അവന്റെ ഹൃദയം വിധിക്കുകയാണ്. പാപപ്രവർത്തികൾ തുടർന്നുകൊിരിക്കുന്ന, വിശ്വാസജീവിതത്തിൽ ഭോഷ്ക്കുവിശ്വസിച്ച് തുടർന്നും പാപം ചെയ്തു കൊിരിക്കുന്നതിന്റെ ഉദാഹരണങ്ങളാണ് ഇതെല്ലാം. നീതിയുടെ കലവറയിൽ കഴിയുന്നു എന്ന് അഭിമാനിക്കുന്ന ഇക്കൂട്ടർ ദൈവത്തിന്റെ പ്രതീക്ഷയ്ക്ക് എത്തിപ്പറ്റാൻ കഴിയാത്തത്ര ദൂരത്താണ്.

തെറ്റായ മതാചാരങ്ങൾക്ക് വഴിപ്പെട്ടവരെ പരിഗണിക്കുന്നില്ല. കാരണം അവർ അജ്ഞരും വചനം എന്ന സത്യത്തെ ശ്രവിക്കാത്തവരുമാണ്. അവരുടെ അജ്ഞത സഭയ്ക്ക് പോരായ്മ ആകുകയില്ല, സഭ അവരെ വേവിധം പരിപോഷിപ്പിച്ചില്ല എന്ന കുറ്റം ഒരിക്കലും സഭയ്ക്ക് ഉാകുകയുമില്ല.

ലോകത്തെമ്പാടും സുവിശേഷം പ്രചരിപ്പിക്കേത് സഭയുടെ ഉത്തവരാദിത്വം ആണെങ്കിലും, കൊയ്ത്തിനുവേി വിളഞ്ഞുകിടക്കുന്ന നിലങ്ങളെ (യോഹ 4:35) ചൂിക്കാട്ടിത്തരുന്ന പരുശുദ്ധാത്മാവിനെ നാം പിൻതുടരണം, അവിടെ ജനം ആകാംക്ഷയോടെ കാത്തിരിക്കുന്നു, അവർ ഹൃദയത്തിന്റെ കാഠിന്യം നീക്കി ദൈവത്തെ സ്വീകരിക്കാൻ വെമ്പൽകൊള്ളുന്നു. പരിശുദ്ധാത്മാവ് ചൂിക്കാട്ടുന്ന സ്ഥലത്തേക്ക് സുവിശേഷവുമായി കടുന്നു പോകാൻ പ

രിശുദ്ധാത്മാവ് സുവിശേഷകന്മാരെ തേടുന്നു, താങ്കളും, ആക്കുട്ടത്തിൽ ഉൾപ്പെടുന്നുവോ?

### തത്വം 4

### (Principle 4)

ഈ അദ്ധ്യായത്തിലെ വചനപ്രകാരമുള്ള മറ്റൊരു തത്വം എന്താണെന്നു നോക്കാം, ഹൃദയകാഠിന്യം മാറ്റുവാൻ വേയാണ് ദൈവം പാപികളെ ന്യായം വിധിക്കുന്നതെങ്കിൽ, പാപികൾ ദൈവത്തിന്റെ ന്യായവിധി അനുഭവിച്ചതിനുശേഷം, അല്ലെങ്കിൽ മറ്റുള്ളവർ അനുഭവിക്കുന്നത് കതിനുശേഷം തീർച്ചയായും അവരുടെ ഹൃദയകാഠിന്യം ഉപേക്ഷിക്കും. ദൈവവചനത്തിനു കീഴ്പ്പെടുവാൻ കൂട്ടാക്കാതിരുന്ന മനുഷ്യൻ തീർച്ചയായും അവരുടെ ജീവിതത്തിൽ എന്തെങ്കിലും നാശമോ പീഡനമോ സംഭവിക്കുന്നതിലൂടെ ദൈവത്തെ സ്വീകരിക്കാൻ തയ്യാറാകും എന്നത് വസ്തുതയാണ്.

ഹൃദയം തകർന്ന് മുറിവേൽക്കപ്പെട്ടവരെ തേടി സുവിശേഷകർ പോകാൻ തയ്യാറാകണം അവിടെയാണ് സുവിശേഷത്തിനു വളരാൻ വളക്കുറുള്ള മണ്ണുള്ളത്. ഉദാഹരണത്തിന്, ഏറ്റവും കൂടുതൽ സ്നേഹിക്കപ്പെട്ടത് ഒരുവനു നഷ്ടപ്പെട്ടാൽ അവൻ സ്വയം കീഴ്പ്പെടുകയും ദൈവം അവനോടു പറയാനുള്ളത് കേൾക്കാൻ അവൻ തയ്യാറാവുകയും ചെയ്യും. ഞാൻ ഒരു പാസ്റ്റർ ആയി സഭാ പരിപാലനത്തിലായിരുന്നപ്പോൾ മരണശുശ്രൂഷകളിൽ പങ്കുചേരാൻ വളരെ താത്പര്യം കാണിച്ചിരുന്നു, കാരണം വിരുന്നു വീട്ടിൽ പോകുന്നതിനേക്കാൾ വിലാപഭവനത്തിൽ പോകുന്നതു നല്ലതു; അതല്ലോ സകലമനുഷ്യരുടേയും അവസാനം; ജീവിച്ചിരിക്കുന്നവൻ അതുഹൃദയത്തിൽ കരുതിക്കൊള്ളും (സഭാ 7:2) എന്ന വചനത്തിന്റെ മർമ്മം ഞാൻ വ്യക്തമായി ഗ്രഹിച്ചിരുന്നു.

രോഗം, സാമ്പത്തിക തകർച്ച, ഉടഞ്ഞകുടുംബബന്ധം, പ്രകൃതിക്ഷോഭം ഇതൊക്കെ ഒരുവന്റെ പാപത്തിന്റെ പരിണിതഫലമായി വന്നുചേരുന്ന ന്യായവിധിയാണ്. ഈ ദുരിതം പാപത്തിൽനിന്നും വിടുതൽ നേടാൻ അവർക്കുലഭിക്കുന്ന ഒരു സൂചനയാണ്. ശാരീരികമായി പീഡിപ്പിക്കപ്പെടുന്നതിലൂടെ ദൈവം ഒരുവനെ തന്റെ പാപത്തിൽനിന്ന് വീടുത്ത് നിത്യമായ ന്യായവിധിയിൽനിന്നു രക്ഷിക്കുകയാണ്.

### രത്നചുരുക്കം

### (In Summary)

ദൈവത്തിന്റെ ഓരോ പ്രവർത്തികളും അവന്റെ രാജ്യം പടുത്തുയർത്താൻ വേയുള്ളതാണ്. ബുദ്ധിയോടെ അതിനു പങ്കാളിത്വം വഹിക്കുക എന്നതാണ് നമ്മുടെ ദൗത്യം.

വിശ്വാസികൾ വിശുദ്ധജീവിതം നയിക്കുന്നവരും അനുസരണയുള്ള വരും ആയിരിക്കണം. അന്ധകാരത്തിൽ ആയിരിക്കുന്നവരെ മോചിപ്പി ക്കാനും സംരക്ഷിക്കുവാനും അവർ കടപ്പെട്ടിരിക്കുന്നു എന്നു മറന്നുപോകരു ത്.

ദൈവം സദാ പ്രവർത്തിച്ചുകൊിരിക്കുന്നു. ഹൃദയ കാറിന്യം മാറി അനുതാപത്തിലൂടെ രക്ഷപ്രാപിക്കാൻ ദൈവംജനത്തെ പ്രോത്സാഹിപ്പിച്ചു കൊിരിക്കുന്നു. അതിനായി ദൈവം തന്റെ സൃഷ്ടികളിലൂടേയും മനസാക്ഷി യിലൂടേയും, പീഡനത്തിലൂടേയും ചിലപ്പോൾ സൂവിശേഷത്തിലൂടേയും മനു ഷ്യനെ മാടിവിളിക്കുന്നു.

പാപികൾ സുവിശേഷം കേട്ടിട്ടില്ലായെങ്കിൽപോലും അവർ ദൈവത്തെ ധിക്കരിക്കുകയാണെന്നും അതിന് അവർ കണക്കുബോധിപ്പിക്കേി വരുമെന്നും അവർക്കറിയാം. അവരുടെ ഹൃദയകാഠിന്യമാണ് അവരുടെ പാപ ത്തിനുകാരണം. പാപത്തോടുള്ള അവരുടെ വിധേയത്ത്വവും സുവിശേഷ ത്തോടുള്ള വിയോജിപ്പും ദൈവകോപത്തെ ക്ഷണിച്ചുവരുത്തുകയാണ്.

മതവിശ്വാസികൾ സത്യത്തെ തേടുന്നവരാകണമെന്നില്ല.അവരുടെ മതത്തിന്റെ ഭോഷ്കിനെ വിശ്വസിച്ചു അവർ അവരുടെ പാപത്തെ നീതീകരി ക്കുകയാണ്. ഓരോ വ്യക്തിയുടേയും ഹൃദയത്തിന്റെ അവസ്ഥയെ ദൈവം അറിയുന്നു. ദൈവം നമ്മെ സുവിശേഷം പങ്കുവെയ്ക്കുവാൻ സുവിശേഷ താൽപര്യമില്ലാത്തവരുടെ അടുത്തേക്കു അയക്കുന്നുവെങ്കിലും, സുവിശേഷം സ്വീകരിക്കാൻ താൽപര്യമുള്ളവരുടെ അടുത്തേക്ക് അയക്കുന്നതാണ് ദൈവ ത്തിന് കൂടുതൽ ഇഷ്ടം.

യാതനകൾ നൽകിയാണ് ചില ഹൃദയങ്ങളോട് ദൈവം ഇടപെടുന്ന ത്. ആ അവസരം നാം മനസ്സിലാക്കി അവരോടു സുവിശേഷം പ്രഘോഷിക്ക ണം. സുവിശേഷം ലോകമെങ്ങും വ്യാപിക്കണമെന്ന് ദൈവം ആഗ്രഹിക്കു ന്നു. ആ മഹത്തായ സന്ദേശത്തിന് പരിശുദ്ധാത്മാവിന്റെ ചുവടുകളെ പിൻതു ടർന്നു സുവിശേഷികരണം പൂർത്തിയാക്കണമെന്ന് അപ്പൊസ്തല പ്രവൃത്തി കളിൽ പറഞ്ഞിരിക്കുന്നതുപോലെ ദൈവം ആഗ്രഹിക്കുന്നു.

നിഷ്ക്കളങ്ക ഹൃദയത്തോട് ദൈവത്തെ അന്വേഷിക്കുന്ന ഏതൊരു വ്യക്തിയ്ക്കും ദൈവം തന്നെതന്നെ വെളിപ്പെടുത്തുന്നു. ദൈവത്തന്റെ സന്ദേ ശവും നമ്മുടെ സന്ദേശവും ഒന്നായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

ദൈവസിംഹാസനത്തിനുമുൻപിൽ ഒരു നാൾ ഏവരുമൊരുമിച്ച് ദൈവത്തെ ആരാധിക്കുന്ന ഒരു സുദിനമു്. അവിടെ ഓരോ വിഭാഗത്തി ന്റേയും പ്രതിനിധികൾ ഉാകും. ദൈവത്തിനുവേി പ്രവർത്തിക്കുക എന്നതാണ് ഓരോരുത്തരുടേയും ലക്ഷ്യം. ദൈവമക്കളെല്ലാം ക്രിസ്തുവിന്റെ സ്നേഹം പരസ്പരം പങ്കുവെയക്കും.

വ്യത്യസ്തമാകുന്ന ചിലരെ നേടിയെടുക്കാൻ ദൈവം തന്റെ സഭാദാസന്മാരെയോ സഭാ സ്ഥാപകരേയോ ഉപയോഗിക്കുന്നു. അയക്കപ്പെടുന്നവർ ശിഷ്യന്മാരെ വാർത്തെടുക്കണം. അതിലൂടെ ശിഷ്യന്മാരെ വാർത്തെടുക്കുന്ന ശുശ്രൂഷകരാണ് തങ്ങളെന്ന് തെളിയിക്കുകയും വേണം.

# ഉപസംഹാരം

**(Final Words)**

നിങ്ങളുടെ ഭാഷയിൽ ഈ പുസ്തകം അച്ചടിക്കപ്പെടുവാനും നിങ്ങൾക്ക് ഒരു പതിപ്പ് ലഭ്യമാക്കുവാനും ഇടയായതിൽ ഞാൻ ദൈവ ത്തിന് നന്ദിപറയുന്നു. ഇത് നിങ്ങൾക്കൊരു അനുഗ്രഹമായി എന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്ക് ഈ പുസ്തകം അനുഗ്രഹമായി എങ്കിൽ നിങ്ങൾ എന്നോട് പറയുകയോ എനിക്കെഴുതുകയോ ചെയ്യുമല്ലോ? എനിക്ക് ഇംഗ്ലീഷ്മാത്രമേ വായിക്കുവാൻ കഴിയുകയുള്ളു. അതുകൊ് ദയവായി നിങ്ങൾ എനിക്ക് ഇംഗ്ലീഷിൽ എഴുതുക. ഏറ്റവും ലളിതമായ മാർഗ്ഗം എനിക്ക് ഇ-മെയിൽ ചെയ്യുക. എന്റെ ഇ-മെയിൽ അഡ്രസ്സ് **tdmm@shepherdserve.org.**

ഇ-മെയിൽ സൗകര്യം നിങ്ങൾക്കില്ലെങ്കിൽ എന്റെ മിനിസ്ട്രി അഡ്രെ സ്സിൽ എഴുതുക. ഈ പുസ്തകം നിങ്ങളിൽ എന്തുമാറ്റം വരുത്തിയെന്നറിയു വാൻ ഞാൻ ആഗ്രഹിക്കുന്നു. **Shepherd Serve, P.O. Box 12854, Pittsburgh, PA 15241 USA.** കൂടുതൽ പഠനത്തിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കു ക **www.ShepherdServe.org.**